<u>**15 -ാം കേരള നിയമസഭ**</u>

<u>**10 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1380**</u> <u>**01-02-2024 - ൽ മറുപടിയ്ക്ക്**</u>

<u>**വിനോദസഞ്ചാര മേഖലയിൽ തീരദേശ ഹൈവേയുടെ സ്വാധീനം**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തീരദേശ ഹൈവേ നിർമ്മാണത്തിലൂടെ വിനോദസഞ്ചാര മേഖലയിലുണ്ടാക്കുന്ന പുരോഗതി തീരദേശ ജനങ്ങളുടെ ഉപജീവനത്തിലും വരുമാനത്തിലും നിർണ്ണായക സ്വാധീനം വഹിക്കാനുള്ള സാധ്യതകൾ വിശകലന വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (എ) | തീരദേശ ഹൈവേ, സംസ്ഥാനത്തെ ടൂറിസം വികസനത്തിന് വലിയ മുന്നേറ്റം സാധ്യമാക്കും. ബീച്ച് ടൂറിസത്തെ കൂടുതൽ ശക്തിപ്പെടുത്താൻ ഇത് സഹായിക്കും. നമ്മുടെ പല ബീച്ചുകളിലും അന്താരാഷ്ട്ര തലത്തിലുള്ള വാട്ടർ സ്പോർട്സ് ആക്റ്റിവിറ്റീസ് നിലവിൽ വന്നു കഴിഞ്ഞു. ഇത്തരം കേന്ദ്രങ്ങളിൽ കൂടുതൽ സഞ്ചാരികൾ എത്തിച്ചേരാൻ ഇതിലൂടെ സാധിയ്ക്കും. പുതിയ ടൂറിസം കേന്ദ്രങ്ങൾ രൂപപ്പെടാനും തീരദേശഹൈവേയിലൂടെ സാധിയ്ക്കും. കൂടാതെ പ്രത്യേക സൈക്കിൾ ട്രാക്ക് തീരദേശഹൈവേയുടെ ആകർഷണമായി മാറുകയും ചെയ്യും. തീരദേശജനതയുടെ പങ്കാളിത്തത്തോടെ പദ്ധതികൾ ആവിഷ്കരിയ്ക്കുകയും അവരുടെ വരുമാനത്തിൽ പ്രധാന പങ്ക് വഹിക്കുന്ന നിലയിലേയ്ക്ക് മാറുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ